ഉത്തരം

(എ-ഡി) ഉണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ടവരും, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികൾ/ മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ/ഗുരുതരമായ അസുഖങ്ങൾ മൂലം കുട്ടികളെ പോറ്റാൻ കഴിവില്ലാത്ത മാതാപിതാക്കളുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനും, അവരുടെ വിദ്യാഭ്യാസത്തിനുമായി ആനുകൂല്യം അനുവദിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

ടി പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾ ആരുടെ സംരക്ഷണയിലാണോ കഴിഞ്ഞു വരുന്നത് അവരുടെ പേരിൽ പ്രതിമാസം 1000- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു. കുട്ടികൾ വളർന്ന് സ്വയം തൊഴിൽ കണ്ടെത്തുന്നതുവരെയോ കുട്ടികൾക്ക് 18 വയസ്സാകുന്നതുവരെയോ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അട്ടപ്പാടി മേഖലയിലെ പ്രശ്നങ്ങൾ

343 (683) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിലെ നവജാതശിശുക്കളുടെ മരണവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നോട്ടീസിന് മറുപടി നൽകിയിട്ടുണ്ടോ ;

(സി) അട്ടപ്പാടി മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആദിവാസി തൊഴിലാളികൾക്ക് കൂടിശ്ശികയായിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സാമൂഹ്യ അടുക്കള നിർത്തലാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

(ഇ) പുതിയ അട്ടപ്പാടി പാക്കേജിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) നിലിയുവരെ 1,17,64,092 രൂപ അട്ടപ്പാടി മേഖലയിൽ തെഴിലുറപ്പു പദ്ധതി പ്രകാരം തൊഴിലാളികൾക്ക് കടിശ്ശിക നൽകാനുണ്ട്. ഷോളയൂർ 10-10-2014 വരെയും, അഗളിയിൽ 13-10-2014 വരെയും പുതൂർ 18-10-2014 വരെയും മാത്രമേ തൊഴിലാളികൾക്ക് വേതനം നൽകിയിട്ടുള്ളൂ.

(ഡി) സമൂഹ അടുക്കള നിർത്തലാക്കിയിട്ടില്ല. താൽക്കാലികമായി ഉണ്ടായിരുന്ന തടസ്സങ്ങൾ നീക്കി സമൂഹ അടുക്കളയുടെ പ്രവർത്തനം പുനഃരാരംഭിച്ചിട്ടുണ്ട്.

(ഇ) അട്ടപ്പാടിയിൽ പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ ചെലവഴിച്ച തുക

344 (684) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികവർഗ്ഗ വകുപ്പ് അട്ടപ്പാടി മേഖലയിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചെലവഴിച്ച തുക എന്തിനൊക്കെയാണെന്നും ഇതിന്റെ ഉപഭോക്താക്കൾ ആരൊക്കെയാണെന്നും പ്രത്യേകം വിശദമാക്കാമോ ;

(സി) ചെലവഴിച്ച തുക സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 53.80 കോടി രൂപ ചെലവഴിച്ചു.

(ബി) വിശദാംശം അനുബന്ധമായി ചേർത്തരിക്കുന്നു.*

(സി) തുക ചെലവഴിച്ചത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലും ധനകാര്യ വകുപ്പും യഥാസമയം പരിശോധന നടത്തുന്നുണ്ട്. അപാകതയോ ക്രമക്കേടുകളോ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly